I/68488/2024

**എം.ബി.എ പ്രവേശനം (കെ-മാറ്റ്)-2024**
**ഓൺലൈൻ പ്രവേശന പരീക്ഷ**
**വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

2024-25 അധ്യയന വർഷത്തെ കെ-മാറ്റ് പ്രവേശന പരീക്ഷ **03.03.2024** ന് നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളും അവരവരുടെ Candidate portal ലോഗിൻ ചെയ്ത് ആപ്ലിക്കേഷൻ നമ്പരും, പാസ് വേഡും നൽകി അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്.

**പ്രവേശന പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

- പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്തിട്ടുള്ള അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്ത് അഡ്മിറ്റ് കാർഡുമായി പരീക്ഷാ ദിവസം വിദ്യാർത്ഥികൾ പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- റിപ്പോർട്ടിംഗ് അവസാനിച്ച് കഴിഞ്ഞാൽ കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷാ രീതി പരിചയപ്പെടുന്നതിനായി **Mock Test** നടത്തുന്നതായിരിക്കും.
- തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ നടക്കും.
- ഒബ്ജക്ടീവ് മാതൃകയിലുള്ള കെ മാറ്റ് പരീക്ഷയ്ക്ക് മൂന്ന് മണിക്കൂർ ദൈർഘ്യവും 180 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളും ഉണ്ടാകും.
- കമ്പ്യൂട്ടറിൽ ലോഗിൻ ചെയ്യുന്നതിനായി റിപ്പോർട്ടിംഗ് പോയിന്റിൽ നിന്നും വിതരണം ചെയ്യുന്ന 'Access card' ൽ വിദ്യാർത്ഥികളുടെ സീറ്റ് നമ്പർ, യൂസർ നെയിം, പാസ്‌വേഡ് എന്നിവ അടങ്ങിയിരിക്കും.
- പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ (ആധാർ/വോട്ടർ ഐഡി/ഡ്രൈവിംഗ് ലൈസൻസ്/പാൻ കാർഡ് എന്നിവയിലേതെങ്കിലും) കൊണ്ടുവരേണ്ടതാണ്.
- കാൽക്കുലേറ്റർ, മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച് തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ കൈവശം വയ്ക്കാൻ പാടില്ല. പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ പ്രവേശന പരീക്ഷ അവസാനിക്കുന്നതിന് മുമ്പ് വിദ്യാർത്ഥകളെ പുറത്തു പോകാൻ അനുവദിക്കുന്നതല്ല.
- രക്ഷിതാക്കൾ ഓൺലൈൻ പരീക്ഷ നടക്കുന്ന കെട്ടിടത്തിലേയ്ക്ക് പ്രവേശിക്കാൻ പാടുള്ളതല്ല.
- വിദ്യാർത്ഥികൾ ആവശ്യം വേണ്ട സാമഗ്രികൾ (പേന, പെൻസിൽ) എന്നിവ കൈയ്യിൽ കരുതേണ്ടതും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്.
- ഇൻവിജിലേറ്റർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- പരീക്ഷാ ഹാളിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അനുവദിച്ചിരിക്കുന്ന ഇരിപ്പടത്തിൽ മാത്രമേ ഇരിക്കാൻ പാടുള്ളൂ.
- വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ച റിപ്പോർട്ടിംഗ് സമയത്തു തന്നെ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്.
- പരീക്ഷാ സംബന്ധമായ മാർഗ്ഗ നിർദ്ദേശങ്ങൾ വെബ് സൈറ്റിലുള്ളത് ശ്രദ്ധിക്കുക.

Signed by
Sudhir K Ias
Date: 22-02-2024 00:58:49
**പ്രവേശന പരീക്ഷാ കമ്മീഷണർ**